**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1590** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റിലെ പിഴവുകൾ തിരുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വാക്സിൻ രണ്ടു ഡോസുകൾ സ്വീകരിച്ചതിനു ശേഷവും പല തരത്തിൽ സംഭവിച്ചിട്ടുള്ള പിഴവുകൾ കാരണം വാക്സിൻ എടുത്തവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എന്തുനടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (എ) | വിവിധ കാരണങ്ങളാൽ വാക്സിനേഷൻ ലഭിച്ചതിന് ശേഷം ഗുണഭോക്താക്കൾക്ക് COVID വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്ത കുറച്ച് കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. COWIN പോർട്ടലിലെ നിലവിലെ ക്രമീകരണമനുസരിച്ച്, ടി പോർട്ടലിൽ അടുത്ത ദിവസം വൈകുന്നേരം 5 മണി വരെ ഒരു ദിവസത്തെ വാക്സിനേഷൻ അടയാളപ്പെടുത്താവുന്നതാണ്. അതിനു ശേഷം സെഷൻ മരവിപ്പിക്കുന്നതിനാൽ കൂടുതൽ ഡാറ്റാ എൻട്രി സാധ്യമല്ല. കേന്ദ്ര സർക്കാർ കോവിഷീൽഡിന്റെ 2 ഡോസുകൾക്കിടയിലെ ഏറ്റവും കുറഞ്ഞ ഇടവേള മെയ് 13 മുതൽ 84 ദിവസമായി മാറ്റിയതിനാൽ, 12 ആഴ്ചത്തെ വിടവ് പലരുടെയും യാത്രാ പദ്ധതികളെ തടസ്സപ്പെടുത്തുകയും വിദേശത്തേയ്ക്ക് പോകുന്നവർക്ക് പലരുടെയും ജോലി അപകടത്തിലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിൽ ഇളവ് നൽകണമെന്ന് സംസ്ഥാനം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരുന്നു. അതേ സമയം തന്നെ 28 ദിവസത്തിനു ശേഷം കോവിഷീൽഡിന്റെ രണ്ടാം ഡോസ് നൽകാനും സംസ്ഥാനം ആരംഭിച്ചു, അതേ ദിവസം തന്നെ പോകുന്ന ആളുകൾക്ക് ഇത് നൽകുകയും ചെയ്തു. ആയതിനാൽ 28 ദിവസം കഴിഞ്ഞു നൽകുന്ന രണ്ടാം ഡോസ് COWIN പോർട്ടലിൽ അടയാളപ്പെടുത്താൻ കഴിഞ്ഞില്ല എന്നതും പല ഗുണഭോക്താക്കളും അവരുടെ പാസ്പോർട്ട് നമ്പർ COWIN സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതും, കോവിഷിൽഡ് വാക്സിൻ എന്ന പേരിനു പകരമായി കുറച്ച് രാജ്യങ്ങൾ വാക്സിൻ പേര് “ഓക്സ്ഫോർഡ്/ ആസ്ട്രെനെക്ക വാക്സിൻ” എന്ന് ആവശ്യപ്പെട്ടിരുന്നു എന്നതും പരിഗണിച്ച് പ്രസ്തുത പ്രശ്നങ്ങളുടെ പരിഹാരമായി സംസ്ഥാനം കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | (https://covid19.kerala.gov.in/vaccine/) നൽകുന്നതിന് ഇഹെൽത്ത് പോർട്ടലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി 23/07/2021 വരെ സംസ്ഥാനം 5,06,760 സർട്ടിഫിക്കറ്റുകൾ (പ്രൊവിഷണൽ + ഫൈനൽ) നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ